# എൻ.എസ്.എസ്. പതാകാദിനാചരണം

## 2024 ഒക്ടോബർ 31

മാന്യരേ,

നായർ സർവീസ് സൊസൈറ്റി ജന്മംകൊണ്ടത് 1914 ഒക്ടോബർ 31-നാണ്. ആ പുണ്യദിനത്തെ സ്മരിച്ചുകൊണ്ട് എല്ലാവർഷവും ഒക്ടോബർ 31 എൻ.എസ്.എസ്. പതാകാദിനമായി സംസ്ഥാനത്തുടനീളം ആചരിച്ചുവരുന്നു. അതനുസരിച്ച് ഈ വർഷവും ഒക്ടോബർ 31 പതാകാദിനമായി ആചരിക്കേണ്ടതാണ്.

എല്ലാ എൻ.എസ്.എസ്. താലൂക്ക് യൂണിയൻ ആസ്ഥാനങ്ങളിലും കരയോഗങ്ങളിലും അന്നേദിവസം രാവിലെ 10 മണിക്ക് നായർ സർവീസ് സൊസൈറ്റിയുടെ പതാക ഉയർത്തുകയും ക്ഷേത്രങ്ങളിൽ പ്രത്യേക വഴിപാടുകൾ നടത്തുകയും വേണം.

ഈ സംഘടനയ്ക്ക് ജന്മം നല്കിയ അവസരത്തിൽ, സമുദായാചാര്യന്റെ മാതാവ് മന്നത്തു പാർവതിയമ്മ കൊളുത്തിയ ഭദ്രദീപത്തിനു മുന്നിൽനിന്ന് അദ്ദേഹം ഉൾപ്പെടെ 14 പേർ ചേർന്നു ചൊല്ലിയ പ്രതിജ്ഞ, പതാക ഉയർത്തിയതിനുശേഷം യൂണിയൻ പ്രസിഡന്റോ, കരയോഗം പ്രസിഡന്റോ, മറ്റു ഭാരവാഹികളിൽ ആരെങ്കിലുമോ ചൊല്ലിക്കൊടുക്കുകയും, മറ്റുള്ളവർ അത് ഏറ്റുചൊല്ലി പ്രതിജ്ഞ പുതുക്കുകയും ചെയ്യേണ്ടതാണ്.

ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി

### പ്രതിജ്ഞ

**ഞാൻ നായർസമുദായോന്നതിക്കായി നിരന്തരം ആലോചിക്കുകയും പരിശ്രമിക്കുകയും ചെയ്യും.**

**അങ്ങനെയുള്ള ശ്രമങ്ങളിൽ ഇതരസമുദായങ്ങൾക്ക് ക്ഷോഭകരമായ യാതൊരു പ്രവൃത്തിയും ചെയ്യുന്നതല്ല.**

**ഈ സംഘോദ്ദേശ്യങ്ങളെ മുൻനിർത്തിയും ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ട ന്യായമായ കരുതലോടുകൂടിയും ഞാൻ ജീവിച്ചുകൊള്ളാം.**

**സത്യം, സത്യം, സത്യം.**